ജനുവരി 2019

# ''സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല'' (1 കോറി. 13:8).

**വിചിന്തനം:**

2019-ലേക്ക് നാം വിശ്വാസത്തോടും പ്രത്യാശയോടും സ്നേഹത്തോടും കൂടി യാത്ര തുടരുകയാണ്. അതിലേക്ക് ആനന്ദത്തോടെ നയിക്കുന്ന യേശുവിനെ ദർശിക്കുന്നതിൽ നിന്ന് നമ്മെ തടയാൻ നമ്മുടെ നിരാശയുടെയും സ്വാർത്ഥത യുടെയും അന്ധകാരത്തെ അനുവദിക്കരുത്.

കഴിഞ്ഞ വർഷത്തെ യുവജന സിനഡിൽ, 2019 ലേക്ക് നമുക്കൊക്കെ സ്വീകരി ക്കാവുന്ന ധാരാളം പ്രോത്സാഹന വചനങ്ങൾ ഫ്രാൻസിസ് മാർപാപ്പാ പരാമർശിക്കുകയുണ്ടായി. നാം 'വിനയത്തോടെ ശ്രവിക്കണ മെന്നും' 'ധൈര്യത്തോടെ സംസാരിക്കണമെന്നും' അദ്ദേഹം ഊന്നിപ്പറഞ്ഞു.

ആദ്യം നമുക്ക് 'വിനയത്തോടെ സംസാരിക്കുക' എന്ന ദൈവീകജ്ഞാനം എന്താണെന്ന് വിചിന്തനം ചെയ്യാം.

നമ്മളെല്ലാവരും പുതുമയോട് തുറവിയുള്ളവരായിരിക്കണമെന്നാണ് ഫ്രാൻസിസ് പാപ്പ ആഗ്രഹിക്കുന്നത്. ദൈവം പ്രവർത്തിക്കുന്ന അത്ഭുതങ്ങളോടും നമുക്കൊക്കെ തുറവിയുണ്ടായിരിക്കേണ്ടതുണ്ട്. ഇത് സാധ്യമാവണമെങ്കിൽ, നമ്മുടെ ഹൃദയാന്തരങ്ങളിൽ മന്ത്രി ക്കപ്പെടുന്ന ദൈവത്തിന്റെ സ്വരം ശ്രവിക്കുന്ന ദൈവജനമായി നാം മാറണം. വി.ബെനഡിക്ടിന്റേതായ (480-547) മനോഹരമായ ഒരു ഉദ്ധരണി കത്തോലിക്കാ പാരമ്പര്യങ്ങളിൽ പരാമർശിക്കപ്പെടുന്നുണ്ട്. അദ്ദേഹം പറയുന്നു, "ശ്രദ്ധാപൂർവ്വം കേൾക്കുക, നിങ്ങളുടെ ഹൃദയകർണ്ണങ്ങൾ അതിലേക്ക് ചാഞ്ഞിരിക്കട്ടെ'' പ്രശസ്തമായ 'വി.ബെനഡിക്ടിന്റെ നിയമങ്ങളി'ലെ ആരംഭപ്രസ്താവന തന്നെ ഇതാണ്. 'ശ്രദ്ധാപൂർവ്വം കേൾക്കുക' എന്നത് അത്യന്തം വിനയം നിറഞ്ഞ ഒരു പ്രവൃത്തിയാണ്. അപ്പോൾ നമ്മുടെ ഹൃദയം, നമ്മിലുള്ള പരിശുദ്ധാത്മാവിന്റെ പ്രേരണകളെ പൂർണ്ണമായി സ്വീകരിക്കുകയും അതിന് വിധേയപ്പെടുകയും ചെയ്യുന്നു.

ഇതിനോട് ബന്ധപ്പെട്ട പ്രത്യുത്തരമാണ് 'ധൈര്യത്തോടെ സംസാരിക്കുക' എന്നത് എല്ലാത്തരം പരദൂഷണങ്ങളിൽ നിന്നും മുൻവി ധികൾ നിറഞ്ഞ ഫലശൂന്യമായ സംഭാഷണങ്ങളിൽ നിന്നും നാം വിട്ടുനില്ക്കണമെന്ന് പരിശുദ്ധ പിതാവ് ആഗ്രഹിക്കുന്നു. കാരണം, "സ്നേഹം ഒരിക്കലും അവസാനിക്കുന്നില്ല'' (1 കോറി. 13:8). സ്നേഹത്തിൽ മാത്രമാണ് സത്യത്തിലും കരുണയിലും അധിഷ്ഠിതമായ യഥാർത്ഥ സ്വാതന്ത്ര്യം നിലനിൽക്കുന്നത്. അതിലൂടെ നമുക്ക് ആത്മാർത്ഥമായ ചർച്ചകൾ സാധ്യമാകുന്നു. ഇത് വെല്ലുവിളിയുള്ള വിഷയങ്ങൾ ചർച്ച ചെയ്യുമ്പോഴും പ്രസക്തമാണ്. അവിടെയും നമുക്ക് ധൈര്യത്തോടെയും നിഷ്ക്കപടമായും സംസാരിക്കാൻ സാധ്യ മാക്കുമെന്ന് ഫ്രാൻസിസ് പാപ്പ ഉറപ്പിച്ചു പറയുന്നു. നമ്മുടെ ഹൃദയത്തിലും വാക്കുകളിലും യേശുവിന്റെ സ്നേഹം മാത്രമാണ് (മർക്കോ. 9:8) ഉള്ളതെങ്കിൽ പരിശുദ്ധാത്മാവിന് വളരെ ശക്തമായി നമ്മെ ഉപയോഗിക്കാൻ കഴിയും.

2019-ലേക്ക് പ്രവേശിക്കാൻ ഒരുങ്ങുന്ന ഈ വേളയിൽ, നമ്മുടെ സംഭാഷണങ്ങളിൽ വന്നു ഭവിക്കാവുന്ന രണ്ടു മാരക കെണികളെക്കു റിച്ച് നമുക്ക് അവബോധമുണ്ടാകണം.

ആദ്യത്തേത്, 'നാം വിനയത്തോടെ ശ്രവിക്കുന്നു.' എന്നാൽ 'ധൈര്യത്തോടെ സംസാരിക്കുന്നില്ല' എന്നതാണ്. അതായത്, പറയേണ്ട താണ് എന്ന് നമുക്ക് തികച്ചും ബോധ്യമുള്ള കാര്യം നാം പറയാതിരിക്കുന്ന അവസ്ഥ. ഇത് ഒരുതരം സ്വാർത്ഥതയാണ്. അതിലൂടെ ഒരുപക്ഷേ മറ്റുള്ളവർക്ക് ലഭ്യമാകേണ്ട ദൈവീകജ്ഞാനം നാം നിഷേധിക്കുകയാവാം. നാലാം നൂറ്റാണ്ടിൽ മിലാനിലെ ആർച്ച്ബിഷ പ്പായിരുന്ന വി.അമ്പ്രോസിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. സമ്പന്നർ തങ്ങൾക്കുള്ളത് നിർദ്ധനരുമായി ഉദാരമായി പങ്കുവ യ്ക്കേണ്ടതിനെക്കുറിച്ചാണ് അന്ന് അദ്ദേഹം പറഞ്ഞതെങ്കിലും, അത് ഈ സന്ദർഭത്തിനും അനുയോജ്യമാണ് എന്നെനിക്ക് തോന്നുന്നു. അദ്ദേഹം പറഞ്ഞു, "നിങ്ങൾ എന്തു നല്കി എന്നതല്ല ദൈവം ശ്രദ്ധിക്കുന്നത്, മറിച്ച്, നിങ്ങളെന്തു കൈവശം വച്ചുകൊണ്ടിരിക്കുന്നു എന്നതാണ്.'

രണ്ടാമത്തെ കെണി, ഇതിന്റെ തന്നെ മറുതലമാണ്. അതായത്, 'ധൈര്യത്തോടെ സംസാരിക്കുമെങ്കിലും വിനയത്തോടെ ശ്രവിക്കാ തിരിക്കുന്ന അവസ്ഥ'. ഇവിടെ നാം നമ്മുടെ തന്നെ മുൻവിധികളുടെയും ഇടുങ്ങിയ ചിന്താഗതികളുടെയും ഇരകളായി മാറുന്നു. തത്ഫലമായി നാം നമ്മുടെ ആശയങ്ങൾ മറ്റുള്ളവരിൽ അടിച്ചേൽപ്പിക്കുന്നു. രണ്ടുവ്യക്തികൾ തമ്മിലുള്ള സംഭാഷണത്തിനു പകരം സ്വയം ഭാഷണമാണ് അവിടെ സംഭവിക്കുക. ഇത് ഒരുതരം ധിക്കാരമാണ്.

അതിനാൽ, 2019-ന്റെ ആരംഭത്തിൽ, ഈ രണ്ടു ദൈവീകജ്ഞാനങ്ങളെയും നമ്മുടെ സംഭാഷണങ്ങളിൽ നമുക്കുൾപ്പെടുത്താം. നമുക്ക് വിനയത്തോടെ ശ്രവിക്കുകയും ധൈര്യത്തോടെ സംസാരിക്കുകയും ചെയ്യാം. ഇവ, യഥാർത്ഥ സുവിശേഷം പങ്കുവയ്ക്കാനുതകുന്ന രണ്ട് ഉപാധികളാണ്. ഇത് എന്നെ ഓർമ്മിപ്പിക്കുന്നത്, "ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും പരസ്പരം സ്നേഹിക്കു വിൻ'' (യോഹ. 13:34) എന്ന യേശുവിന്റെ രക്ഷാകര വചനമാണ്. നമുക്ക് എല്ലായ്പ്പോഴും യേശുവിനെ അനുകരിക്കാം!

അവസാനമായി, ഒരുവീക്ഷണം കൂടി ഞാൻ കുറിക്കട്ടെ! 'ധൈര്യത്തോടെ സംസാരിക്കുക' എന്നത് എല്ലായ്പ്പോഴും വാക്കുകളിലൂടെ തന്നെയാകണമെന്നില്ല. നമുക്കറിയാവുന്നതു പോലെ തന്നെ, വാക്കുകളിലൂടെയല്ലാത്ത ആശയവിനിമയം പലപ്പോഴും വളരെ ശക്തമാ ണ്. പ്രത്യേകിച്ചും സുവിശേഷവത്കരണമേഖലയിൽ, സ്നേഹം തന്നെയായ യേശുക്രിസ്തുവിലേക്കും, അവിടന്നുമായുള്ള സ്നേഹ സംഭാഷണത്തിലേക്കും മറ്റുള്ളവരെ വലിച്ചടുപ്പിക്കാൻ നമ്മെ സഹായിക്കുന്ന നല്ലൊരു മാർഗ്ഗംകൂടിയാണിത്. വി.ഫ്രാൻസിസ് അസ്സീ സിയുടെ(1181-1226) പ്രശസ്തമായ വാക്കുകളാണ് എന്റെ ഓർമ്മയിൽ തെളിഞ്ഞുവരുന്നത്, "എല്ലായ്പ്പോഴും സുവിശേഷം പ്രസംഗി ക്കുക; ആവശ്യമുള്ളപ്പോൾ മാത്രം വാക്കുകൾ ഉപയോഗിക്കുക.''

ഈ പുതുവർഷത്തിൽ- 2019-ൽ പരിശുദ്ധാത്മാവിനാൽ നിങ്ങളെല്ലാവരും അനുഗ്രഹിക്കപ്പെടട്ടെ!

ആർച്ച് ബിഷപ്പ് ക്രിസ്റ്റഫർ പ്രൗസ്, കാൻബറ, ആസ്ട്രേലിയ

പേട്രൺ, ജീസസ് യൂത്ത് ഇന്റർനാഷനൽ

**വിശുദ്ധന്റെമൊഴി:**

"വിനയാന്വിതന്റെ അധരം സത്യം സംസാരിക്കുന്നു: എന്നാൽ സത്യത്തിനെതിരേ സംസാരിക്കുന്നവൻ കർത്താവിന്റെ മുഖത്ത് പ്ര ഹരിക്കുന്ന ഭൃത്യനെപ്പോലെയാണ്.' - താപസനായ വി. മർക്കോസ്